# മാദിഗ ഭാഷ: ഒരു സമൂഹശാസ്ത്രവീക്ഷണത്തിൽ

**ദർശന സി**
ഗവേഷക
സോഷ്യോളജി സ്കൂൾ
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ, മലപ്പുറം

സംഗ്രഹം
കേരളത്തിലെ ചുരുക്കം ജനസംഖ്യയുള്ള പട്ടികജാതിവിഭാഗമാണ് മാദിഗർ. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത പേരുകളിലാണ് ഇവരെ അറിയപ്പെടുന്നത്. കേരള സംസ്ഥാനം രൂപീകരിക്കുന്നതിനു മുൻപുതന്നെ മറ്റുപ്രദേശങ്ങളിൽ നിന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് എത്തപ്പെട്ട വിഭാഗമാണ് മാദിഗർ. മാതാംഗി ദേവിയുടെ മക്കളെന്ന് സ്വയം വിശ്വാസിക്കുകയും ഉത്ഭവ ചരിത്രവുമായി ബന്ധപ്പെട്ട് നിരവധി മിത്തുകളിൽ വിശ്വാസിക്കുകയും ചെയ്യുന്നു. തനതായ ആചാരരീതികൾ, ഭാഷ, വിശ്വാസങ്ങൾ എന്നിവ പിൻതുടർന്നിരുന്ന മാദിഗ വിഭാഗത്തിന്റെ ഭാഷാ തനിമയെ കുറിച്ച് സാമൂഹശാസ്ത്ര വീക്ഷണ കോണിലൂടെയാണ് പ്രബന്ധം നോക്കികാണാൻ ശ്രമിക്കുന്നത്. കൂടാതെ മാദിഗ സമുദായത്തിന്റെ സാംസ്കാരിക വൈവിധ്യങ്ങളെ കുറിച്ചും സൂക്ഷ്മപരിശോധന നടത്താൻ ശ്രമിക്കുന്നുണ്ട്.

## മാദിഗ മലയാളം

മനുഷ്യൻ ഒരു സാമൂഹിക-സാംസ്കാരിക ജീവിയായി പരിവർത്തനം ചെയ്യതിന്റെ പ്രധാന ഘടകമാണ് ഭാഷ. ഭാവനകൾ, ധാരണങ്ങൾ, അഭിപ്രായങ്ങൾ, അനുഭവങ്ങൾ ആശയവിനിമയം തുടങ്ങിയ മനുഷ്യ വിചാരങ്ങളെ കൈമാറ്റം ചെയ്യുന്നതിനായി രൂപീകൃതമായ വ്യവഹാരമാണ് ഭാഷ. ആശയവിനിമയത്തോടൊപ്പം ഒരു വിഭാഗ ജനങ്ങളെ ഐക്യത്തോടെ നിലനിർത്താനും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി തനത് സ്വത്വം നിലനിർത്തുന്നതിനുമുള്ള പ്രധാന ഘടകമാണ് ഭാഷ. വ്യത്യസ്ത ഗോത്രവിഭാഗങ്ങൾക്ക് വ്യത്യസ്ത ഭാഷാ ശൈലികൾ നിലനിൽക്കുന്നുണ്ട്. കേരളപശ്ചാത്തലം പരിശോധിക്കുമ്പോൾ നിരവധിയായ ഗോത്രഭാഷകളും

പ്രാദേശിക ഭാഷാ വൈവിധ്യങ്ങളും നിലനിൽക്കുന്നുണ്ട്. അത്തരത്തിൽ കേരളസർക്കാരിന്റെ പട്ടികജാതി വിഭാഗത്തിലുൾപ്പെടുന്ന വിഭാഗമാണ് മാദിഗർ. ആന്ധ്രയിൽ നിന്നും കർണാടകയിൽ നിന്നും കേരളത്തിലേക്ക് ചേക്കറിയ വിഭാഗമാണ് മാദിഗർ. പൂർവ്വികദേശം ആന്ധ്രയാണെന്നും അവിടെ നിന്നും കാലാന്തരത്തിൽ കർണാടക, തമിഴ്നാട്, കേരളം എന്നീ പ്രദേശത്തിലേക്ക് വ്യാപിച്ച ഒരു ഗോത്രവിഭാഗമാണ്. വിവിധ ചരിത്രഗ്രന്ഥങ്ങളിലും സെൻസസുകളിലും നിരവധി പ്രദേശങ്ങളിവും സമുദായത്തിന്റെ പൂർവികവും വ്യാപനത്തെ കുറിച്ചും പരാമർശിക്കുന്നുണ്ട്. തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള ജാതിവ്യവസ്ഥ സമ്പ്രദായത്തിൽ കീഴാളവിഭാഗത്തിലാണ് മാദിഗരെ ഉൾപ്പെടുത്തിയിരുന്നത്. മാംസാഹാരം കഴിക്കുകയും മൃഗങ്ങളുടെ തോൽ ഉപയോഗിച്ച് തുകലും തുകലുൽപ്പന്നങ്ങൾ നിർമ്മിക്കുകയുമാണ് മാദിഗരുടെ കുലതൊഴിൽ. മാദിഗർ, ചക്കിലിയർ, അരുന്ധിയാർ, പകിട, തോട്ടി എന്നീ പേരുകളിലെല്ലാം അറിയപ്പെടുന്നത് ഒരേ വിഭാഗമാണ്(സ്റ്റുവേർട്ട് 1893, തേഴ്സൺ 1909). പ്രദേശിക വ്യത്യാസങ്ങൾക്കനുസരിച്ച് നിരവധി പേരുകളിൽ അറിയപ്പെടുന്നുണ്ടെങ്കിലും കുലതൊഴിലുകൾ ഒന്നുതന്നെയാണ്. മാംസാഹാരം കഴിക്കുന്നതിനാലും തുകലുൽപ്പന്നങ്ങൾ നിർമ്മിക്കുമ്പോഴുണ്ടാക്കുന്ന ദുർഗന്ധം മൂലവും ഈ സമുദായാംഗങ്ങളെ പൊതുസമൂഹത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ടിരുന്നു. പൊതുസമൂഹം അതിർവരമ്പ് നിശ്ചയിക്കപ്പെട്ടിരുന്ന പ്രദേശത്തിനു പുറത്ത് കൂട്ടമായി കോളനി ആവാസകേന്ദ്രങ്ങൾ രൂപീകരിച്ച് സ്വഗോത്രസമൂഹം സൃഷ്ടിച്ചു. തനതായ സംസ്കാരവും സാമൂഹിക സമ്പ്രദായങ്ങളും മാദിഗസമുദായം തങ്ങളുടെ ജീവിതരീതിയിൽ വെച്ചുപുലർത്തിയിരുന്നു. കേരളത്തിലേക്കെത്തിയ മാദിഗ സമുദായത്തിന് കന്നഡ ആചാരരീതിയും വിശ്വാസങ്ങളുമാണ് പിൻപറ്റിയിരുന്നത്. കൂടാതെ കാസർഗോഡ് ജില്ല അതിർത്തി പങ്കിടുന്നത് കർണാടക

സംസ്ഥാനവുമായതിനാൽ സമുദായത്തിന്റെ കടന്നുവരവിനും വ്യാപനത്തിനും കൂടുതൽ അടുത്തുനിൽക്കുന്ന പ്രദേശമാണ് കാസർഗോഡും കണ്ണൂരും. മാദിഗ സമുദായംഗങ്ങളുടെ വംശാവലി കാണപ്പെടുന്നതും ഈ ജില്ലകളിൽ തന്നെയാണ്. തനതായ തുളുനാടൻ സംസ്കാരംപേറുന്ന ജനതയാണ് വടക്കൻ കേരളീയർ. അതിനുള്ള പ്രധാനകാരണങ്ങളിലൊന്ന് കർണാടകയുടെയും തുളുഭാഷയുടെയും സ്വാധീനവുമാണ്.

കേരളത്തിലെ ഭൂപ്രകൃതിയുടെ വൈവിധ്യങ്ങൾക്കനുസരിച്ച് സാംസ്കാരിക വൈവിധ്യങ്ങളോടൊപ്പം ഭാഷാ വൈവിധ്യങ്ങളും രൂപപ്പെട്ടിരിക്കുന്നു. വാമൊഴിയായും വരമൊഴിയായും ഭാഷാ കൈമാറ്റങ്ങൾ തലമുറകൾ തോറും കൈമാറ്റം ചെയ്യപ്പെടുകയാണ്. കാലാന്തരത്തിലുള്ള പരിവർത്തനങ്ങളും കൂട്ടിച്ചേർക്കലുകളും തനത് ഭാഷയ്ക്കും സംഭവിക്കുന്ന പ്രതിഭാസമാണ്. ദേശം, ജാതി, മതം, തൊഴിൽ, വിദ്യാഭ്യാസം, പ്രായം തുടങ്ങിയവയെല്ലാം തന്നെ വ്യക്തിയുടെ ഭാഷാപ്രയോഗത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. മനുഷ്യർ തമ്മിലുള്ള ആശയവിനിമയത്തിനായി രൂപീകരിക്കപ്പെട്ട മാധ്യമമാണ് ഭാഷ. സാമൂഹിക സാഹചര്യങ്ങൾ, സാംസ്കാരിക വൈവിധ്യങ്ങൾ ഭൂപ്രകൃതി എന്നിവയെല്ലാം തന്നെ ഭാഷാരൂപീകരണത്തിന് സഹായിക്കുന്ന ഘടകങ്ങളാണ്. ഓരോ പ്രദേശവും അതാതു സമൂഹവും അവരവരുടേതായ അക്ഷരലോറും വാക്ലോറു വാക്യലോറും രൂപീകരിച്ചിട്ടുണ്ടാകുമെന്ന് ടി പവിത്രൻ സൂചിപ്പിക്കുന്നുണ്ട്(2012). ഓരോ സമുദായങ്ങളും അവരുടേതായ വാക്കുകൾ, ഭാഷാശൈലി, പ്രയോഗങ്ങൾ എന്നിവ രൂപപ്പെടുത്തിയിരിക്കും. പ്രദേശിക വൈവിധ്യത്തിലുപരി വർഗ്ഗാടിസ്ഥാനങ്ങൾ ഗോത്രപരമായ വ്യത്യാസങ്ങൾ ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങൾ തുടങ്ങിയ ഘടകങ്ങളെല്ലാം തന്നെ സമൂഹരൂപീകരണത്തിനും

ഭാഷാരൂപപ്പെടലുകൾക്കും നേതൃത്വം വഹിക്കുന്ന പ്രധാന ഘടകങ്ങളാണ്. എല്ലാ ഭാഷകൾക്കും അടിസ്ഥാനപരമായ ഒരു സാംസ്കാരിക ഐക്യം ഉണ്ടാവുന്നതുപോലെ ഓരോ ദേശത്തിനും തനതായ ഭാഷാപൈതൃകവും നിലനിൽക്കുന്നുണ്ട്. ആറ് നാട്ടിൽ നൂറ് ഭാഷ എന്ന് പറയപ്പെടുന്നത് പോലെ ഓരോ മനുഷ്യഗോത്രങ്ങൾക്കിടയിൽ കാലഘട്ടം, പ്രദേശം എന്നിവയ്ക്കനുസരിച്ച് ഭാഷകൾ രൂപപ്പെടുകയും അവയിൽ വ്യത്യാസങ്ങൾ, വൈവിധ്യങ്ങൾ എന്നിവ കാണാൻ സാധിക്കുകയും ചെയ്യുന്നു. ഇന്ത്യൻ ഭാഷാ കുടുംബം പരിശോധിക്കുകയാണെങ്കിൽ ഇന്തോ-ആര്യൻ ഭാഷാകുടുംബം, ദ്രാവിഡഭാഷാകുടുംബം, ആസ്ത്രോ-ഏഷ്യാറ്റിക് ഭാഷാകുടുംബം, തിബത്തോ-ചൈനീസ് ഭാഷാ കുടുംബം തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നുണ്ട്. ദ്രാവീഡിയൻ ഭാഷാകുടുംബത്തെ പ്രധാനമായി മൂന്ന് തലങ്ങളായി വേർതിരിച്ചിട്ടുണ്ട്. ദക്ഷിണ ദ്രാവിഡ ഭാഷകൾ, മധ്യദ്രാവിഡഭാഷകൾ, ഉത്തരദ്രാവിഡ ഭാഷകൾ എന്നിങ്ങനെയാണ്. ഇതിൽ തുളു, കന്നഡ, കൊത, തോട, തമിഴ്, മലയാളം മുതലായവ ദക്ഷിണ ദ്രാവിഡ ഭാഷാകുടുംബത്തിലുൾപ്പെയുന്നു. ഗോണ്ടി, കോണ്ട, പെൻഗോ, മാണ്ട്, കയി, കുവി, കൊലാമി, നായിക്കി, പാർജി, ഗദബ എന്നിവയാണ് മധ്യദ്രാവിഡഭാഷകൾ. ബ്രാഹൂയി, കറൂഖ്, മാൾടോ എന്നിവയാണ് ഉത്തരദ്രാവിഡ ഭാഷാകുടുംബത്തിലുൾപ്പെടുന്നത്. ദക്ഷിണ ദ്രാവിഡ ഭാഷാകുടുംബത്തിലെ അംഗങ്ങളായ തെലുങ്ക്, തമിഴ്, കന്നട, മലയാളം എന്നിവർ തമ്മിൽ അഭേദ്യമായ ബന്ധം പുലർത്തുന്നുണ്ട് (വേലപ്പൻ,2015).

ദ്രാവിഡഭാഷ കുടുംബത്തിലാണ് മാദിഗഭാഷയും ഉൾപ്പെടുന്നത്. മാദിഗ ഭാഷയെ കുറിച്ച് നടത്തിയിട്ടുള്ള പഠനത്തിൽ മാദിഗ ഭാഷ കൊടവ, തുളു, മലയാളം, കന്നഡ ഭാഷകളുമായി അടുത്ത് നിൽക്കുന്നതായി പരാമർശിക്കുന്നുണ്ട്. ജാതി, വർണ്ണം, വർഗ്ഗം എന്നിവ മനുഷ്യനെ വേർതിരിക്കുന്നതുപോലെ തന്നെ ഭാഷയും മനുഷ്യനെ വേർതിരിക്കുന്ന പ്രധാനഘടകങ്ങളിലൊന്നാണ്. മാദിഗ ഭാഷ ഈ സമുദായത്തെ വ്യത്യസ്തപ്പെടുത്തിയിരുന്നു. മാദിഗരുടെതായ ഭാഷാസ്വത്വം മാദിഗ ഭാഷയിൽ ഉടനീളം പിൻപറ്റിയിരുന്നു. മാദിഗ ഭാഷ തനിമയാണ് ചുവടെ കൂട്ടിച്ചേർക്കുന്നത്.

സർവ്വനാമങ്ങൾ

മാദിഗ/കൊടവ തുളു /കന്നഢ മലയാളം

ഉത്തമ.പു.ഏകവചനം ഞാനു നാനു യാന് നാനു ഞാൻ

ഉത്തമ.പു.ബഹുവചനം(ശ്രോതാവില്ല) എങ്ക്ള നാവു ഞങ്ങൾ

നാവു(ശ്രോതാവുണ്ട്) നാമു നാമ് നമ്മൾ

മദ്ധ്യമപു.ഏകവചനം നീനു
യീ നീനു നീ
മദ്ധ്യമപു.ബഹുവചനം നിംഗ
യീറ് നീവു നിങ്ങൾ
പ്രഥമപു.ഏകവചനം (പു) അയെ
ഔനു അവൻ
പ്രഥമപു.ഏകവചനം(സ്ത്രീ) മോള
അമു അദ് അവൾ
പ്രഥമപു.ഏകവചനം(നപും) ആ
ഇന്ദു ഉന്ദു ഇത്
പ്രഥമപു.ഏകവചനം(നപുംബ,)അവുത്ത
അവു ഇവു ഇവ
(സ്രോതസ്സ് പവിത്രൻ 2012, 83)

വിശേഷണപദങ്ങൾ

മാദിഗഭാഷ മലയാളം
ഒള്ളെത് നല്ലത്
ഹാള്ളേതു മോശം
സണ്ണതു ചെറുത്
ഹളേതു പഴയത്
ഹൊസ്തു പുതിയത്
സൊക്ക് വികൃതി
(ടി പവിത്രൻ,2009,134)

ദിഗ ഭാഷയ്ക്ക് കൊടവ ഭാഷയുമായി അടുത്ത ബന്ധമുണ്ട്. പലവാക്കുകളും കൊടവ ഭാഷയുമായി യോജിച്ചുനിൽക്കുന്നവയാണ്. കാസർഗോഡ്, കണ്ണൂർ ഭാഗങ്ങളിലെ മാദിഗ(ചക്കിലിയർ) വിഭാഗക്കാരുമായി വിവരശേഖരണം നടത്തിയപ്പോൾ പഴയതലമുറയിലെ ഏതാനും അംഗങ്ങൾ മാത്രമേ മാദിഗ ഭാഷ സംസാരിക്കുന്നുള്ളൂ കൂടുതലാളുകളും മലയാളം സംസാരിക്കുന്ന വ്യക്തികളാണ്. വിരളമായി മാത്രം ഇവരുടെ സംസാരഭാഷ ഇന്നത്തെ തലമുറക്കാർക്ക് കേട്ടുപരിചയം ഉള്ളു. ലിപിയില്ലാത്ത തെലുങ്കിന്റെയും കന്നട ഭാഷയുടെയും സാധ്വീനമാണ് ഇന്ന് അധികമായി കാണാൻ സാധിക്കുന്നത്. കൊടക് ഭാഗത്തിനോട് അടുത്ത് കിടക്കുന്ന പ്രദേശമായതിനാൽ തന്നെ കൊടവ ഭാഷയുടെ സ്വാധീനവും കർണാടക ഭാഗങ്ങളിലാണ് അധിവാസങ്ങൾ കൂടുതൽ എന്നതിനാൽ തന്നെ കന്നടയുടെയും സ്വാധീനം ഭാഷയിൽ ഉടനീളം കാണാൻ സാധിക്കുന്നതാണ്. മാദിഗർ എന്ന് കർണാടകയിലും വളരെ വിരളമായി മാത്രം കേരളത്തിലും അറിയപ്പെടുന്നുള്ളൂ. ആയതിനാൽ തന്നെ ഭാഷയുടെ തനിമകൊണ്ട് വ്യത്യാസപ്പെട്ടിരുന്ന മാദിഗഭാഷ പൂർവ്വികർ വീടുകളിൽ മാത്രമേ സംസാരിക്കുന്നുള്ളൂ സമുദായത്തിനുപുറത്തുള്ള ആളുകളോട് മറ്റുഭാഷകളിലാണ് സംസാരിക്കുന്നത്. സംസ്കാരിക വ്യത്യാസങ്ങൾ നിലനിർത്തുന്നതോടൊപ്പം ഇവർക്കിയിലെ വിവാഹങ്ങൾ കൂടുതലായി നടക്കുന്നത് കർണാടക ഭാഗങ്ങളിൽ നിന്നുമാണ്. കർണാടക ഭാഗങ്ങളിൽ ഇവരുടെ അടുത്ത ബന്ധുത്വത്തിലുൾപ്പെടുന്ന ആളുകളെയും കാണാവുന്നതാണ് അതിനാൽ തന്നെ കർണാടകയുമായുള്ള ബന്ധവും കന്നഡ ഭാഷയുമായുള്ള ഇടപഴകലുകളും നിരന്തരമായി രൂപപ്പെട്ടുകൊണ്ടേയിരിക്കുന്നു. അതിർത്തി പ്രദേശങ്ങളിലേക്ക് പോകുന്തോറും ഭാഷകളുടെ സ്വാധീനവും വൈവിധ്യങ്ങളും കൂടുതലായി കാണാവുന്നതാണ്. കേരളത്തിലെ മറ്റ് പ്രദേശങ്ങളിലുള്ള മാദിഗ അല്ലെങ്കിൽ ചക്കിലിയ ഭാഷ പരിശോധിക്കുമ്പോൾ വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. പാലക്കാട്, ഇടുക്കി, കോട്ടയം ഭാഗങ്ങളിലെല്ലാം തമിഴിന്റെ സങ്കരമാണ് കാണാൻ സാധിക്കുക. ഭാഷയിലും സാംസ്കാരിക ജീവിതരീതികളിലും ദ്രാവിഡ സങ്കല്പത്തിനോടനുയോജ്യമായ രീതിയാണ് പിൻപറ്റിപോരുന്നത്.

| മലയാളം | തെലുങ്ക് | കന്നഡ | ചക്ലിയ ഭാഷ/ മാദിഗ ഭാഷ |
|---|---|---|---|
| അമ്മ | തല്ലി | തായി | തായി/ എജ്ജി |
| അച്ഛൻ | തംഡ്രി | തന്തെ | തന്തൈ |
| മുത്തശ്ശി | അവ്വ | അജ്ജി | അജ്ജി |
| ചിറ്റപ്പൻ | പിനതം ഡ്രി | ചിക്കപ്പ | ചിക്കപ്പ |
| ഇളയമ്മ | പിന്നമ്മ | ആക | ചിക്കമ്മ |
| ജ്യേഷ്ഠത്തി | അക്ക | അക | എത്തിക്കേ |
| ഭാര്യ | ഭാര്യ | ഹെണ്ഡ ത്തി | ഹെണ്ഡ ത്തി |
| ഭർത്താവ് | ഭർത | ഗംഡ | ഗണ്ടൻ |
| ആൺകുട്ടി | മഗ | ഗണ്ടുമഗു | ഗണ്ടുമഗു |
| കുട്ടി | ബിഡ്ഡു | മഗു | മഗു |
| മകൻ | കുമാരു ഡു | മഗ | മകാന്തി |
| മകൾ | കുതരു | മഗളു | ഹെൺ മൊഗു |
| ചേട്ടൻ | അന്ന | അണ്ണ | അണ്ണ |

| | | | |
|---|---|---|---|
| അനിയൻ | തമ്മുഡു | തമ്മ | തമ്മ |
| ചേട്ടത്തിയമ്മ | വദിന | അക്കമ | എത്തിക്കേ |
| മാതുലൻ | മേനമാമ | സോദർമാമ | സോദര മാമ |
| അമ്മായി | മേനത്ത | അത്തെ | അത്തെ |
| അമ്മായിയപ്പൻ | മാമഗാരു | മാവ | മാവ |
| അമ്മായിയമ്മ | അത്ത ഗാരു | അത്തെ | അത്തെ |
| മരുമകൻ | അല്ലുഡു | അളിയ | എളിയ |
| അളിയൻ | ബാവമരദി | ബാവ | ബാവ |
| കന്യക | കന്യ | യുവതി,കന്യകെ | കന്യകെ |
| അനിയത്തി | ചെല്ലെ | തംഗി | തംഗി |

സ്രോതസ്സ് വിജയൻ,289

മേൽസൂചിപ്പിച്ച പദങ്ങൾ ദൈനംദിനജീവിതത്തിൽ മാദിഗർ സ്ഥിരമായി ഉപയോഗിച്ചിരുന്നവയാണ്. സാമൂഹ്യ രൂപീകരണകാലത്തിലും ഭാഷാവ്യാപനകാലത്തും പിൻപറ്റിപോന്നിരുന്ന ഭാഷാ ശൈലികൾ കാലാന്തരത്തിലുള്ള സാമൂഹ്യപരിണാമത്തിന്റെ ഭാഗമായി ആവശ്യമായ കൂട്ടിചേരലുകളും ഒഴിവാക്കലുകളും നിരന്തരമായി സംഭവിച്ചുകൊണ്ടിരുന്നു.

സാമൂഹികാചാരങ്ങളിലെ ഭാഷ

ഏതൊരു ഗോത്രവിഭാഗത്തെയും ഒരുമിച്ച് നിർത്തുന്നതിന് പ്രധാന ഘടകമാണ് ആചാരങ്ങളും വിശ്വാസങ്ങളും. മാദിഗ സമുദായത്തിനിടയിലും ആചാരങ്ങളിൽ അടിയുറച്ച് വിശ്വാസിക്കുന്ന ജനതയാണ്. ആചാരകർമ്മങ്ങൾ ചെയ്യുന്നത് മാദിഗ ഭാഷയിലാണ്. ക്ഷേത്രത്തിൽ നടന്നുവരുന്ന ക്രിയകളിലെല്ലാം തന്നെ മാദിഗ ഭാഷയിലാണ് മന്ത്രങ്ങൾ ഉച്ചരിക്കുന്നത്. ജാതി ഭാഷയെ സ്വാധീനിക്കുന്നുണ്ടെന്ന് പ്രത്യക്ഷമായി തന്നെ കാണാൻ സാധിക്കുന്നതാണ്. ദ്രാവിഡ സങ്കല്പത്തിലുള്ള ആചാര രീതികളും വിശ്വാസങ്ങളുമാണ് സമുദായം പിൻപറ്റിപോരുന്നത്.

ജാതിശ്രേണീകരണങ്ങൾക്കനുസരിച്ച് ഭാഷാ പ്രയോഗങ്ങളിലും വേർതിരിവുകളുണ്ട്. ഉയർന്നശ്രേണിയിലുള്ള വിഭാഗക്കാരുടെ അധിവാസകേന്ദ്രങ്ങളെ കോവിലകം, ഇല്ലം, തറവാട് എന്നും താഴ്ന്ന ജാതിശ്രേണീയിലുൾപ്പെടുന്നവരുടെ വീടുകൾ ചാള, കുടിൽ, തറ, കുപ്പമാടം എന്നീ ഭാഷ പ്രയോഗങ്ങളിൽ തന്നെ വേർതിരിവുകൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. കീഴ്ജാതിയിലുൾപ്പെടുന്ന ഏതൊരു വ്യക്തിയ്ക്കും മേൽജാതിക്കാരുടെ ഭാഷാ പ്രയോഗങ്ങൾ ഉപയോഗിക്കുവാൻ അനുവാദമില്ലാത്ത കാലഘട്ടം നിലനിന്നിരുന്നു. ഒരേ ജാതിക്കാർ തമ്മിലും മേലും കീഴുമുള്ള ജാതിക്കാർ തമ്മിലും സംസാരിക്കുമ്പോൾ ജാതിശ്രേണീ സൂചകമായ പ്രയോഗങ്ങൾ സുലഭമാണ് ഇത്തരത്തിൽ ഭാഷയിലൂടെ ആചാരത്തെ പ്രകടിപ്പിക്കുന്നതാണ് ആചാരഭാഷ(പി എം ഗിരീഷ് 2008,1). ജാതി, ലിംഗം, വർഗം, ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഭാഷയിൽ നിലനിൽക്കുന്ന വിവേചനങ്ങൾ അധികാരവ്യവസ്ഥയും മേൽക്കോയ്മയുമായി ബന്ധപ്പെട്ടുകിടക്കുന്നുണ്ട്. ഭാഷയിലൂടെ ജാതി അധികാരത്തിന്റെയും സാംസ്കാരിക തലങ്ങളുടെയും പ്രകടമായ സ്വഭാവങ്ങൾ കാണാൻ സാധിക്കുന്നതാണ്.

മേൽസൂചിപ്പിച്ചപോലെ സാംസ്കാരികപരമായ ആചാരങ്ങൾ ചെയ്യുന്നത് മാദിഗ ഭാഷയിൽ തന്നെയാണ്. വാമൊഴിയായി പകർന്നു നൽക്കപ്പെടുന്ന ഇത്തരം ആചാരങ്ങളും അവയിലെ ഭാഷയുമാണ് ഇന്നും നിലനിൽക്കുന്ന മാദിഗ ഭാഷ. സമുദായത്തിനിടയിൽ നിലനിന്നിരുന്ന ആഘോഷങ്ങളിലെ പ്രധാനമായ മാരിപ്പാട്ടാണ് ചുവടെ ചേർത്തിരിക്കുന്നത്. കന്നാഡ ഭാഷയിലാണ് ഇവരുടെ വിശ്വാസപ്രകാരമുള്ള മന്ത്രങ്ങളും പാട്ടുകളും ആലാപിക്കുന്നത്.

മാരിപ്പാട്ട്

മംഗളവാറ ദിവസ...മംഗളവാറ ദിവസാ ...
മാരിഗെ ശിവ പൂജെ ധൊഡ്ഡങ്കാളദല്ലി സിങ്കാറ
ഗൊഡങ്കാളദല്ലി സിങ്കാര കോട്ടാളി കണബിഗിന
കോണബന്തെയിത്തെ സ്വപ്പാകെ ....

കോണനാ കൊമ്പിന മേലെ....
കോണനാ കൊമ്പിന മേലെ....
ബേവിന ഗദ്ദിഗെ ഹ്ണ്ടി മത്തെ മാറെവ്വ കൊ ളലൂതി .....
മത്തെ മാറെവ്വ കൊളലൂതി കരിവാഗ നമ്മ
മാരിയമ്മന പൂജെ ശിവ പൂജെ...

ഏള്ളേ നന്നമ്മ ഏള്ളേ നന്നമ്മ
ഏളൂരിഗെ ഹോഗുവാ ഏളുബണ്ടിയാ ഹൊട്ടുകൊണ്ടു
ഏളുബണ്ടിയാ ഹൊട്ടുകൊണ്ടു നന്നമ്മ
ഏളു ഉരിഗെതി ....റുഗുവാ

ഗുരുഗുഞ്ചി ദണ്ണാധ സീരെഗുരുഗുഞ്ചി ദണ്ണാധ ... സീരെ
ഗുജി ഗുജി ഉടവാഗ ഗ്ദധീഗിനത്ത ബാരെ റണമാരി ഗുധിഗിനത്ത ബാലെ റണമാരി താളികെട്ടി ഗുരുഗുഞ്ചി ഢെളിയോ ഭയലല്ലി
സ്രോതസ്സ് : ത്രിശൂലം സ്മരണിക,2011,പനയാൽ നെല്ലിയടുക്കം ശ്രീ ആദിഭൈരവ അമ്മനവർ ദേവസ്ഥാനം

മാദിഗ സമുദായത്തിന്റെ ഭാഷ തനിമയെ കുറിച്ചാണ് ലേഖനത്തിൽ ഉടനീളം നോക്കികാണാൻ ശ്രമിക്കുന്നത്. പ്രധാനമായി സമുദായത്തിനിടയിൽ ബെള്ളോറ്, മൊല്ലോറ്, ഹട്ട്ഗാര, പൂലോൻ, മൂച്ചിലോൻ, കെംഗാറ്, മാരിദാന്തവ എന്നീ വ്യത്യസ്ത ഇല്ലങ്ങളുണ്ട്. ആചാരനുഷ്ഠാനങ്ങളിലെ വൈവിധ്യങ്ങളെ മുൻനിർത്തിയാണ് ഇത്തരത്തിലുള്ള ഇല്ലങ്ങളുടെ വ്യത്യാസങ്ങൾ രൂപപ്പെട്ടത്. ആചാരങ്ങളും വിശ്വാസങ്ങളും പിൻതുടർന്ന് പോവുന്ന ഒരു ഗണമാണ് മാദിഗർ.

പരിണാമം

തനതായ വൈവിധ്യങ്ങളിൽ നിലനിർത്തിയിരുന്ന സമുദായത്തിനിടയിൽ കാലാന്തരത്തിലുള്ള മാറ്റങ്ങൾ പ്രകടമായി കാണാൻ സാധിക്കുന്നതാണ്. സമയം, സ്ഥലം, സന്ദർഭം എന്നിവയ്ക്കനുസരിച്ച് ഓരോ തലമുറമാറുന്തോറും അനുയോജ്യമായ മാറ്റങ്ങൾ സമുദായത്തിനിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. സാമൂഹികവും സാംസ്കാരികവുമായ മാറ്റങ്ങൾ ഭാഷയിൽ പ്രതിഫലിച്ച് കാണാൻ സാധിക്കുന്നതാണ്. വൈവിധ്യമാർന്നതും സ്വത്വം നിലനിൽക്കുന്നതുമായ ഭാഷ ഇന്ന് ഇല്ലാതായികൊണ്ടിരിക്കുകയാണ്.
കാലാന്തരത്തിൽ സാമൂഹിക–സാംസ്കാരിക മേഖലകളിൽ അനുയോജ്യമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട് അവ. സമൂഹത്തിനോടൊപ്പം ഭാഷയിലും പ്രതിഫലിച്ചുകാണാൻ സാധിക്കുന്നതാണ്. സമ്നറുടെ സെനോസെൻട്രിസം എന്നാശയം മുന്നോട്ടുവെക്കുന്നത് ഒരു കൂട്ടം ആളുകൾ തങ്ങളുടെ സംസ്കാരത്തെക്കാൾ മികച്ചതും ഉയർന്നതുമാണ് മറ്റ് സംസ്കാരം എന്നാശയമാണ് സെനോസെൻട്രിസം. മാദിഗ വിഭാഗക്കാർക്കിടയിൽ നിരവധി സാമൂഹിക കാരണങ്ങളാൽ സ്വന്തം സാംസ്കാരിക രീതികളെക്കാൾ ഉയർന്നവിഭാഗക്കാരുടെ സാമൂഹിക–സാംസ്കാരികരീതികളാണ് ഉയർന്നതെന്ന മനോഭാവമാണ് യുവതലമുറക്കാർക്കിടയിൽ കൂടുതലും. സാംസ്കാരിക ഉൾചേർക്കൽ (കൾച്ചറൽ അസിമിലേഷൻ) എന്ന ആശയത്തിൽ പരാമർശിക്കുന്നത് വ്യക്തിയോ ഒരു കൂട്ടം ആളുകളോ തങ്ങളുടെ ഭാഷയിൽ നിന്നും സംസ്കാരത്തിൽ നിന്നും വ്യതിചലിച്ച് മറ്റു ഉന്നത പദവികളിൽ നിൽക്കപ്പെടുന്ന ഭാഷയെയും സംസ്കാരത്തെയും സ്വാംശീകരിക്കുന്ന രീതികളാണ് സാംസ്കാരിക ഉൾചേർക്കൽ. നിരന്തരമായ സാമൂഹിക ഇടപ്പെടലുകളിൽ കൂടി മറ്റു വിഭാഗക്കാരുടെ സാംസ്കാരിക രീതികളെ മാദിഗർ സ്വാംശീകരിക്കുകയും തങ്ങളുടെ സംസ്കാരത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യുന്നത് പ്രകടമായി മാദിഗർക്കിടയിൽ കാണാൻ സാധിക്കുന്നു. ആചാരരീതികളിലും വിശ്വാസരീതികളിലും തനതായ രീതികളിൽ നിന്നും ഉൾവലിഞ്ഞുകൊണ്ട് പൊതുരീതികളെ സ്വാംശീകരിക്കുന്ന പ്രവണതയാണ് കാണാൻ സാധിക്കുന്നത്. എം എൻ ശ്രീനിവാസ് മുന്നോട്ടുവെച്ച സംസ്കൃതവൽകരണം എന്നാശയത്തിൽ സമൂഹത്തിൽ ഉയർന്ന വിഭാഗങ്ങളുടെ ജീവിതരീതികൾ, വിശ്വാസങ്ങൾ, ആചാരനുഷ്ഠാനങ്ങൾ, ഭാഷപ്രയോഗങ്ങൾ എന്നിവയെല്ലാം തന്നെ താഴ്ന്ന വിഭാഗക്കാർ അനുകരിക്കുന്ന പ്രവണതയാണ് സംസ്കൃതവൽക്കരണം. ഈ ആശയം സമുദായത്തിനിടയിൽ പ്രത്യക്ഷമായി തന്നെ കാണാൻ സാധിക്കുന്നുണ്ട്. ഉയർന്ന വിഭാഗങ്ങളുടെ ജീവിത രീതികളാണ് ഇന്ന് മാദിഗർ അനുകരിക്കാനും പിൻപറ്റാനും ശ്രമിക്കുന്നത്. യുവതലകാർ മാദിഗ ഭാഷ സംസാരിക്കാൻ തന്നെ മടിക്കുകയും ഇവർക്കിടയിൽ അപഹർഷതാബോധം നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഭാഷ തങ്ങളുടെ ജാതി വെളിപ്പെടുത്തുമെന്ന ആകുലതകളിൽ പൂർണ്ണമായി ഭാഷയെ ഉപേക്ഷിക്കുകയും പൊതു അച്ചടി ഭാഷകൾ തങ്ങളുടെ മാതൃഭാഷയും സംസാരഭാഷയുമാക്കുന്നു. പൊതുസമൂഹവുമായി ഇടപഴക്കുമ്പോ സാംസ്കാരിക മുൻവിധികളെ നോക്കിയാണ് മറ്റുള്ളവർ ഇടപഴക്കുന്നതെന്ന ധാരണ പ്രത്യക്ഷമായി തന്നെ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസവും ഒരു പരിധി വരെ ഭാഷശൈലികളിലും പ്രയോഗങ്ങളിലും മാറ്റം വരുത്തുന്നതിനിടവരുത്തിയിട്ടുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മാദിഗ ഭാഷ റെക്കോഡ് ചെയ്ത് അവയെ സംരക്ഷിക്കുകയും വിവിധ ഭാഷാതലങ്ങളിൽ മാദിഗ

ഭാഷ വൈവിധ്യങ്ങളെ സൂക്ഷ്മതലത്തിൽ പഠനവിധേയമാക്കേണ്ടതുണ്ട്.

സഹായകഗ്രന്ഥങ്ങൾ

സ്റ്റുവേർട്ട് എ, എച്ച്.1893. സെൻസസ് ഓഫ് ഇന്ത്യ 1891 വോളിയം 13. മദ്രാസ്; ഗവൺമെന്റ് പ്രസ്
തേഴ്സൺ, എഡ്ഗർ.1909.കാസ്റ്റ് ആന്റ് ട്രൈബസ് ഓഫ് സതേൺ ഇന്ത്യ വോളിയം 2. മദ്രാസ്; ഗവൺമെന്റ് പ്രസ്
വേലപ്പൻ കെ. 2015. ആദിവാസികളും ആദിവാസിഭാഷകളും. തിരുവനന്തപുരം;കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
പവിത്രൻ ടി. 2009.എഴുത്തിടങ്ങൾ. കണ്ണൂർ; കൈരളിബുക്സ്
പവിത്രൻ ടി. 2012.സാമൂഹ്യഭാഷാഭേദപഠനം.2012. കണ്ണൂർ; പുസ്തകഭവൻ
പവിത്രൻ ടി. 2012.ഭാഷാമലയാളം. കോഴിക്കോട് ; ലിപി പബ്ലിക്കേഷൻസ്
വിജയൻ ടി. 2011. കാസർക്കോഡ്–കണ്ണൂർ ജില്ലകളിലെ ചക്ലിയരുടെ സാംസ്കാരിക ജീവിതം. കണ്ണൂർസർവ്വകലാശാല
അബൂബക്കർ പി,എ. 2015. വടക്കൻ മലയാളം. തിരുവനന്തപുരം;കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ഗിരീഷ് പി, എം. 2008.കേരളത്തിലെ ആചാരഭാഷകൾ. തിരുവനന്തപുരം;കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ഗിരീഷ് പി,എം.2017.അധികാരവും ഭാഷയും.കോഴിക്കോട്, ഐ ബുക്സ്; കോഴിക്കോട്
ജയേഷ് വി. 2014. തെക്കൻ തുളുനാട്ടിലെ മലയാളം. കണ്ണൂർ; പായൽ ബുക്സ്